# KERALA STATE ELECTRICITY BOARD LIMITED

*(Incorporated under the Companies Act, 1956)*

Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala

CIN :U40100KL2011SGC027424 website: www.kseb.in



**Office of the Chief Safety Commissioner**

Phone: (O) (CUG) +91 944 600 8137

E-mail: safety@kseb.in; website: www.kseb.in.


നമ്പർ:- സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മിനിട്ട്സ്/2022-23/ 172 തീയതി: 21/10/2022

## 31/08/2022 പകൽ 10.00 ന വീഡിയോ കോൺഫറൻസ് മുഖേന കൂടിയ പന്ത്രണ്ടാമത് സംസ്ഥാന തല സുരക്ഷാ യോഗത്തിന്റെ നടപടികുറിപ്പ്

(1) ശ്രീ ആനന്ദ് എസ് ആർ , ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് ആൻഡ് സേഫ്റ്റി )

(2) ശ്രീ സുരേന്ദ്ര പി, ചീഫ് എഞ്ചിനീയർ എസ് സി എം & ചീഫ് സേഫ്റ്റി കമ്മീഷണർ

(3) ശ്രീമതി ഷീബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

(4) ശ്രീ നടരാജ് കെ പി, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ സൗത്ത്)

(5) ശ്രീ എൻ സന്തോഷ് കുമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ സെൻട്രൽ)

(6) ശ്രീമതി സന്ധ്യ ദിവാകർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

(7) ശ്രീമതി ലത ടി കെ , ചീഫ് സേഫ്റ്റി ഓഫീസർ, കണ്ണൂർ, ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

(8) ശ്രീമതി എ ലീലാമ്മ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

(9) ശ്രീ മനോജൻ പി പി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

(10) ശ്രീമതി സാജമ്മ ജെ പുന്നൂസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

(11) ശ്രീ റാം മഹേഷ് ആർ, ചീഫ് പേഴ്സണൽ ഓഫീസർ

(12) ശ്രീമതി സജിത കുമാരി ടി എസ്, ടി എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ)

(13) ശ്രീ എൻ നാഗരാജൻ ,ടി എ ടു ഡയറക്ടർ(റീസ്, സൗര ,സ്പോർട്സ് & വെൽഫെയർ)

(14) ശ്രീമതി മഞ്ജു എസ് ദേവ്,എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(15) ശ്രീ ഷാജ് കുമാർ ജി, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, O/o ഡയറക്ടർ(ജനറേഷൻ- ഇലക്ട്രിക്കൽ)

(16) ശ്രീമതി അന്ന പി അബ്രഹാം, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, O/o ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് ആൻഡ് സേഫ്റ്റി )

(17) ശ്രീ സജീവ് കുമാർ എം പി , KSEBWA

(18) ശ്രീ സജു എ എച്ച് , KSEBWA

(19) ശ്രീ ശ്യാം കുമാർ, KSEBOA

(20) ശ്രീ ഷൈൻ സെബാസ്റ്റ്യൻ, KSEBEA

(21) ശ്രീ അശോക് ഷെർലെക്കർ എസ് , KPBOF

(22) ശ്രീ ആനന്ദ്, KPBOF

(23) ശ്രീ രാകേഷ് പ്രസന്നൻ, KEOF

(24) ശ്രീമതി ഷംല എ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(25) ശ്രീ അജയ് ശ്രീഹർഷൻ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(26) ശ്രീ അനന്തകൃഷ്ണൻ എം ജി, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(27) ശ്രീമതി സന്ധ്യ ടി എസ്, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

**ചീഫ് സേഫ്റ്റി കമ്മീഷണ ർ**

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അധ്യക്ഷതയിൽ പകൽ 10.00 നു വീഡിയോ കോൺഫറൻസിങ്ങിലൂടെ മീറ്റിംഗ് ആരംഭിച്ചു. ചീഫ് സേഫ്റ്റി കമ്മീഷണർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് ആൻഡ് സേഫ്റ്റി ) സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് ഉദ്ഘാടനം നിർവഹിച്ചു.

**ശ്രീ ആനന്ദ് എസ് ആർ , ഡയറക്ടർ (ട്രാൻസ്മിഷൻ ,സിസ്റ്റം ഓപ്പറേഷൻ, പ്ലാനിംഗ് & സേഫ്റ്റി )**

ഓരോ അപകടങ്ങളും അപകടത്തിനിരയായവരുടെ കുടുംബത്തിനും വ്യക്തിക്കും കെഎസ്ഇബി എൽ-നും ഉണ്ടാക്കുന്ന നഷ്ടം നികത്താൻ സാധിക്കാത്തതാണ്. വൈദ്യുത ജോലികളിൽ ഏർപ്പെടുന്നതിനു മുമ്പായി എല്ലാ സുരക്ഷാ മുൻകരുതലുകളും സ്വീകരിച്ചാലും അപകടം സംഭവിക്കുവാൻ സാധ്യത നിലനിൽക്കുന്നുണ്ട് എന്ന ജാഗ്രതയോടെ മാത്രമേ വൈദ്യുത ജോലികൾ ചെയ്യുവാൻ പാടുള്ളൂ. വൈദ്യുത അപകടങ്ങൾ വിശകലനം ചെയ്യുമ്പോൾ , ഇവയിൽ പല അപകടങ്ങളും ഒഴിവാക്കുവാൻ സാധിക്കുന്നവയായിരുന്നു എന്ന് പിന്നീട് ബോധ്യപ്പെടുന്നു. അപകടം സംഭവിച്ച നിമിഷത്തിലെ അശ്രദ്ധയാണ് എല്ലാ അപകടങ്ങളുടെയും പ്രധാന കാരണം.

ജീവനക്കാർക്കായും പൊതുജനങ്ങൾക്ക് വേണ്ടിയും വൈദ്യുത സുരക്ഷസംബന്ധിച്ച് വളരെ അധികം ട്രെയിനിങ് ക്ലാസുകൾ നമ്മൾ സംഘടിപ്പിക്കുന്നുണ്ട്. ഇത്തരം ട്രെയിനിങ്ങുകളുടെ ഫലപ്രാപ്തിയെ കുറിച്ച് സംശയം നിലനിൽക്കുന്നുണ്ട്. അപകടങ്ങൾ സംഭവിക്കുവാൻ ഉള്ള സാധ്യതകൾ, അപകടങ്ങൾ ഒഴിവാക്കുവാനായി സ്വീകരിക്കേണ്ട നടപടികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ട്രെയിനിങ് ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

ഈ വർഷം അപകടരഹിതമാക്കുന്നതിനായി നമ്മൾ ലക്ഷ്യമിട്ടിരുന്നു. എന്നാൽ ആ ലക്ഷ്യം

കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. അതിനാൽ സേഫ്റ്റി മാനേജർമാർ എന്ന നിലയിൽ നമ്മൾ ആത്മപരിശോധന നടത്തി കുറച്ചുകൂടി കാര്യക്ഷമമായ രീതിയിൽ സുരക്ഷാപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

## ചീഫ് സേഫ്റ്റി കമ്മീഷണർ

നിലവിലെ നമ്മുടെ സുരക്ഷാസംവിധാനത്തിന്റെ കാര്യക്ഷമത, ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ ജീവനക്കാരുടെ സുരക്ഷിതത്വം എന്നീ കാര്യങ്ങൾ നമ്മൾ ഒന്നുകൂടി അവലോകനം ചെയ്യേണ്ടതുണ്ട്. 2018 മുതൽ സുരക്ഷാ വിഭാഗം വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ഫീൽഡ് തലത്തിൽ നടപ്പിലാക്കി വരുന്നു എന്നിരുന്നാലും കഴിഞ്ഞ മാസങ്ങളിലെ അപകടങ്ങൾ വിശകലനം ചെയ്യുമ്പോൾ അപകടങ്ങൾ കൂടി വരുന്നതായാണ് ബോധ്യപ്പെട്ടിട്ടുള്ളത്. എല്ലാ ജീവനക്കാരും ഒരുമിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അപകടങ്ങൾ കുറച്ചു കൊണ്ടുവരുവാൻ സാധിക്കുന്നതാണ്. ബോർഡ് പ്രതിഷ്ഠാപനങ്ങൾ അപകടരഹിതമാക്കുന്നതിനായി പ്രവർത്തിക്കേണ്ടത് ഓരോ ജീവനക്കാരന്റെയും കർത്തവ്യമാണ്. പ്രിവന്റീവ് മെയിൻറനൻസ് പ്രവർത്തികൾ യഥാസമയം നടപ്പിലാക്കുകയാണെങ്കിൽ അപകടരഹിത വർഷം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് സാധിക്കുന്നതാണ്.

സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങുമായി ബന്ധപ്പെട്ട പവർ പോയിൻറ് പ്രസന്റേഷൻ ചെയ്യുന്നതിനായി സുരക്ഷാ വിഭാഗത്തിലെ അസിസ്റ്റൻറ് എൻജിനീയർ ശ്രീ അനന്തകൃഷ്ണനെ അധ്യക്ഷൻ ക്ഷണിച്ചു.

- 26-5-2022 ന് നടന്ന സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മിനിറ്റ്സിന്റെ അവലോകനം
- 2022 മെയ് മാസം മുതൽ ജൂലൈ മാസം വരെ ബോർഡ് പ്രതിഷ്ഠാപനം, ഉപഭോക്തൃ ഇടം എന്നിവിടങ്ങളിൽ സംഭവിച്ച അപകടങ്ങൾ, മുൻ വർഷം ഇതേ കാലയളവിൽ സംഭവിച്ച അപകടങ്ങളുടെ എണ്ണവും ആയുള്ള താരതമ്യം
- 2022 മെയ് മാസം മുതൽ ജൂലൈ മാസം വരെ ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ സംഭവിച്ച അപകടങ്ങളുടെ കാരണങ്ങൾ,
- 2021ൽ ഇതേ കാരണങ്ങൾ മൂലം സംഭവിച്ച അപകടങ്ങളുടെ എണ്ണവുമായുള്ള താരതമ്യം
- മീറ്റിംഗ് റിവ്യൂ കാലയളവിൽ വിതരണ വിഭാഗം മേഖലകളിൽ സംഭവിച്ച അപകടങ്ങളുടെ എണ്ണം സർക്കിളുകൾ തിരിച്ചുള്ള അവലോകനം
- മീറ്റിംഗ് റിവ്യൂ കാലയളവിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ
- മീറ്റിംഗ് റിവ്യൂ കാലയളവിൽ ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ബോർഡ് പ്രതിഷ്ഠാപനങ്ങളിൽ സംഭവിച്ച അപകടമരണങ്ങളുടെ വിശദമായ അവലോകനം
- വൈദ്യുത അറ്റകുറ്റപ്പണിക്കിടെ വൈദ്യുതാഘാതം മൂലം മീറ്റിംഗ് റിവ്യൂ കാലയളവിൽ

സംഭവിച്ച  മാരകമല്ലാത്ത അപകടങ്ങളുടെ വിശദമായ അവലോകനം

- ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ

തുടങ്ങിയവ പവർ പോയിൻറ് പ്രസന്റേഷൻ വഴി അവതരിപ്പിച്ചു.

**<u>അധ്യക്ഷൻ</u>**

കഴിഞ്ഞ മീറ്റിംഗിൽ,  എസ് സി എം- ആയി ബന്ധപ്പെട്ട് ഉന്നയിച്ച ചോദ്യങ്ങളുടെ മറുപടി അവതരിപ്പിച്ചു.

- സുരക്ഷാ ഉപകരണങ്ങളുടെ വെണ്ടർ രജിസ്ട്രേഷൻ ചെയ്യുന്നതിനായി റേറ്റ് കോൺട്രാക്ട് ഫിക്സ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. ഇത് നടപ്പിലാക്കുന്നത് മൂലം നിർദ്ദിഷ്ട ഗുണനിലവാരമുള്ള  സുരക്ഷാ ഉപകരണങ്ങൾ ഫീൽഡ് തലത്തിൽ എല്ലായിടത്തും ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്.
- പി എസ് സി പോസ്റ്റുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി 8 മീറ്റർ, 9 മീറ്റർ പി എസ് സി പോസ്റ്റുകളുടെ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത ഓർഡർ പ്രകാരം ഓഗസ്റ്റ് മാസത്തിൽ എട്ടു മീറ്റർ, പോസ്റ്റുകൾ ഫീൽഡ് തലത്തിൽ ലഭ്യമായി തുടങ്ങിയിട്ടുണ്ട്.   എട്ടു മീറ്റർ പോസ്റ്റുകൾ ഇതുവരെ 20,000 എണ്ണം സപ്ലൈ ചെയ്തിട്ടുണ്ട്. അടുത്തമാസം മുതൽ പോസ്റ്റുകളുടെ ലഭ്യത കുറവ് പരിഹരിച്ച് സാധാരണ നിലയിലേക്ക് ആവുന്നതാണ്.
- ഏരിയൽ ലിഫ്റ്റ് വർക്കിംഗ് പ്ലാറ്റ്ഫോമുകളുടെ പർച്ചേസ് ഓർഡർ അടുത്തമാസം നൽകുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.
- നിലമ്പൂർ സർക്കിളിന് കീഴിൽ മെയ് മാസം മുതൽ ജൂലൈ മാസം വരെ അപകടങ്ങൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ല. ഇത് സാധ്യമാക്കുന്നതിനായി പ്രയത്നിച്ച ഓഫീസർമാരെയും സൂപ്പർവൈസറി ജീവനക്കാരെയും മറ്റു ജീവനക്കാരെയും അധ്യക്ഷൻ അഭിനന്ദിച്ചു.
- വിതരണ മേഖലകളിൽ ഏറ്റവും കുറവ് അപകടങ്ങൾ സംഭവിച്ചത് നോർത്ത് മലബാർ മേഖലയിലാണ്. നോർത്ത് മലബാർ മേഖലയിൽ ഇതിനായി പ്രവർത്തിച്ച ജീവനക്കാരെ അധ്യക്ഷൻ അഭിനന്ദിച്ചു.

കഴിഞ്ഞ മിനിറ്റ്സിൽ  ഇലക്ട്രിക്കൽ  ഇൻസ്പെക്ടറേറ്റ് മായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് മറുപടി പറയുന്നതിനായി അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അധ്യക്ഷൻ ക്ഷണിച്ചു.

**<u>ശ്രീമതി  ഷീബ എബ്രഹാം , അഡീഷണൽ  ചീഫ് ഇലക്ട്രിക്കൽ  ഇൻസ്പെക്ടർ</u>**

- ജിയോ പോളുമായി ബന്ധപ്പെട്ട്  ഉന്നയിച്ച ചോദ്യത്തിന് മറുപടി അവതരിപ്പിച്ചു. ജിയോ കമ്പനിക്കാർ അവരുടെ ഇൻസുലേറ്റഡ് പെയിൻറ് ചെയ്ത പോസ്റ്റുകൾ വൈദ്യുത ലൈനുകൾക്ക് സമീപം ഉപയോഗിക്കുന്നതിനായി അനുമതി ചോദിച്ചു കൊണ്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിനെ സമീപിച്ചിരുന്നു. ഇത്തരം ഇൻസുലേറ്റഡ് പെയിന്റുകൾ ലാബുകളിൽ പരിശോധിച്ചു  നിർദ്ദിഷ്ട  ഇൻസുലേഷൻ നിലവാരം ഉറപ്പാക്കുകയാണെങ്കിൽ ഇത്തരം പോസ്റ്റുകൾ ഉപയോഗിക്കാവുന്നതാണ് എന്ന് മറുപടി

നൽകിയിട്ടുണ്ട്.

- വൈദ്യുത ലൈനുകൾക്ക് സമീപം ആവശ്യമായ ക്ലിയറൻസ് ഇല്ലാതെ സ്ഥാപിച്ച ജിയോ കമ്പനിയുടെ പോസ്റ്റുകൾ പരിശോധിക്കുന്നതിനായി എല്ലാ ജില്ലാ ഓഫീസുകളിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

- 10 കിലോ വാട്ടിൽ താഴെയുള്ള ജനറേറ്ററുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇൻസ്പെക്ടറേറ്റ് പ്രസിദ്ധീകരിച്ച ഗൈഡ് ലൈനുകളിൽ വ്യക്തത ആവശ്യപ്പെട്ടിരുന്നു എന്നാൽ ഏതിലാണ് വ്യക്തത ആവശ്യമുള്ളത് എന്ന് അറിയിച്ചിട്ടില്ല. പ്രസ്തുത കാര്യം അറിയിക്കുകയാണെങ്കിൽ മറുപടി നൽകുന്നതാണ്.

- അൺ ഓതറൈസ്ഡ് ജനറേറ്ററുകളുടെ ജോയിൻറ് ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട് ഉന്നയിച്ച ചോദ്യത്തിന് ഇടുക്കി ജില്ലയിൽ ഇത്തരം പരിശോധനകൾ നടക്കുന്നുണ്ട് എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

- മറ്റ് ജില്ലകളിൽ സംയുക്തമായും അല്ലാതെയും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഇത്തരം പരിശോധനകൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് മനസ്സിലായിട്ടുണ്ട്.

- സുരക്ഷയുമായി ബന്ധപ്പെട്ട വളരെയധികം നടപടികൾ സ്വീകരിച്ചിട്ടും അപകടങ്ങൾ ആവർത്തിക്കുന്നത് വളരെ ദുഃഖകരമായ അവസ്ഥയാണ്.

**അധ്യക്ഷൻ**

- ജിയോ പോളുകൾ ഇൻസുലേറ്റഡ് ആണ് എന്ന് പറഞ്ഞാലും വൈദ്യുത പ്രതിഷ്ഠാപനങ്ങൾക്ക് സമീപം ആവശ്യമായ ക്ലിയറൻസ് ഇല്ലാതെ കെ എസ് ഇ ബി എൽ ലൈനുകളുടെ റൈറ്റ് ഓഫ് വെയിൽ ഫീൽഡ് ജീവനക്കാർക്ക് പോസ്റ്റുകളിൽ കയറുവാൻ സാധിക്കാത്ത രീതിയിലും വളരെ അപകടകരമായ രീതിയിലും ജിയോ കമ്പനിക്കാർ അവരുടെ പോളുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം പോളുകൾ അഴിച്ച് മാറ്റുന്നതിനായി ജിയോ കമ്പനിക്കാർക്ക് കത്ത് നൽകിയിട്ടുണ്ട്. വൈദ്യുത ലൈനുകളിൽ മുട്ടുന്ന രീതിയിൽ വളരെ അപകടകരമായ നിലയിലാണ് പോളുകൾ സ്ഥാപിച്ചിരിക്കുന്നത് ഇത്തരം കാര്യങ്ങൾ ഒന്നുകൂടി പരിശോധിക്കുവാൻ അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറോട് അറിയിച്ചു.

**ശ്രീമതി ഷീബ എബ്രഹാം അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

- ഇത്തരത്തിൽ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റുകളുടെ ലിസ്റ്റ് കൈമാറുകയാണ് എങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകുന്നതായിരിക്കും എന്ന് മറുപടി നൽകി.

**ശ്രീ നടരാജൻ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ സൗത്ത്)**

- 2022 മെയ് മാസം മുതൽ ജൂലൈ മാസം വരെ സൗത്ത് മേഖലയിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു.

- സൗത്ത് റീജിയന് കീഴിൽ ഏറ്റവും കുറവ് അപകടങ്ങൾ സംഭവിച്ചത് പാലാ സർക്കിളിന് കീഴിലാണ്. ശ്രദ്ധക്കുറവ്, അമിത ആത്മവിശ്വാസം, മേൽനോട്ടത്തിൽ

ഉള്ള അഭാവം എന്നിവയാണ് ജീവനക്കാർക്ക് സംഭവിക്കുന്ന അപകടങ്ങളുടെ പ്രധാന കാരണം.

- പൊതുജനങ്ങൾ, കരാർ ജീവനക്കാർ എന്നിവർക്കു കൂടുതലായി വൈദ്യുത അപകടങ്ങൾ സംഭവിക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ രണ്ട് പൊതുജനങ്ങൾ ആത്മഹത്യയ്ക്ക് വേണ്ടി വൈദ്യുതി ഉപയോഗിച്ചിട്ടുണ്ട് .പൊതുജന ബോധവൽക്കരണ പരിപാടികൾ, ജീവനക്കാർക്ക് പരിശീലന ക്ലാസുകൾ എന്നിവ കൂടുതലായി സംഘടിപ്പിക്കേണ്ടതുണ്ട്. പ്രിവന്റീവ് മെയിൻറനൻസ് വർക്കുകൾ എല്ലാ സർക്കിളിനു കീഴിലും നടന്നു വരുന്നുണ്ട്. 90 ശതമാനം വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. AMC നൽകിയാണ് ഇത്തരം വർക്കുകൾ പൂർത്തിയാക്കിയിട്ടുള്ളത്. AMC നൽകാത്ത സർക്കിളുകളിൽ ആണ് പ്രിവന്റീവ് മെയിൻറനൻസ് വർക്കുകൾ പൂർത്തിയാക്കുവാൻ ബാക്കി ഉള്ളത്.
- ഓപ്പറേഷൻ ശുദ്ധിയോടനുബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.
- ചീഫ് സേഫ്റ്റി ഓഫീസർമാരും സേഫ്റ്റി ഓഫീസർമാരും സുരക്ഷാപരിശോധനകൾ നടത്തുന്നുണ്ട്.
- 2022 അപകടരഹിത വർഷവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സൗത്ത് റീജിയണിൽ കീഴിൽ നടത്തുന്നുണ്ട്.
- വിദ്യാലയങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട പൊതുജന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.
- ഓപ്പറേഷൻ മിന്നലിനോട് അനുബന്ധിച്ച് ഇൻറർ സബ് ഡിവിഷൻ സുരക്ഷാ പരിശോധനങ്ങൾ നടത്തുന്നുണ്ട്. ഓപ്പറേഷൻ തുണയുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകുന്നുണ്ട്.
- സെക്ഷൻ ഓഫീസുകളിലെ സൺറൈസ് മീറ്റിങ്ങിൽ സുരക്ഷാ വിജ്ഞാന സദസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.
- സേഫ്റ്റി ഓഡിറ്റ് സംഘടിപ്പിക്കുന്നതിനായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- അൺ ഓതറൈസ്ഡ് ജനറേറ്ററുകളുടെ പരിശോധനകൾ നടത്തുന്നുണ്ട്.
- പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ്, ലഘുലേഖകളുടെ വിതരണം എന്നിവ നടത്തുന്നുണ്ട്.
- പൊതുജനങ്ങൾക്കായി ടി . വി, റേഡിയോ എന്നിവ മുഖാന്തരം സുരക്ഷാ സന്ദേശങ്ങളുടെ പ്രദർശനം, ഉപഭോക്തൃ വാട്സ്ആപ്പ് കൂട്ടായ്മകളിൽ സുരക്ഷാ പോസ്റ്ററുകൾ, സുരക്ഷാ കാർട്ടൂണുകൾ എന്നിവയുടെ പ്രദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.
- സർക്കിൾ, ഡിവിഷൻ തലങ്ങളിൽ സുരക്ഷാ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

- സൗത്ത് റീജിയനു കീഴിൽ ഏകദേശം എല്ലാ ജീവനക്കാരും വാക്സിനേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.
- സൂപ്പർവൈസറി ജീവനക്കാരിൽ പലർക്കും ജോലിഭാരം കൂടുതലുള്ളതിനാൽ സുരക്ഷ ഉറപ്പാക്കുന്നതിനായി വർക്ക് സൈറ്റിൽ എത്തിച്ചേരുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിലും അവർ വർക്ക് സൈറ്റുകളിൽ എത്തിച്ചേരുന്നതിനായി പരമാവധി ശ്രമിക്കുന്നുണ്ട്.
- ജോലിഭാരം കൂടുതലായതിനാൽ ജീവനക്കാർ വളരെയധികം മാനസിക സംഘർഷം അനുഭവിക്കുന്നുണ്ട്.
- സൗത്ത് റീജിയൻ അപകടരഹിതമാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതായിരിക്കും.

**<u>അധ്യക്ഷൻ</u>**

- സൗത്ത് മേഖലയിൽ പൊതുജനങ്ങൾക്കാണ് കൂടുതൽ അപകടം സംഭവിച്ചിട്ടുള്ളത്. അതിനാൽ പൊതുജന ബോധവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കേണ്ടതാണ്.
- സ്ട്രസ്സ് മാനേജ്മെന്റുമായി ബന്ധപ്പെട്ട പരിശീലന ക്ലാസുകൾ ജീവനക്കാർക്ക് സംഘടിപ്പിക്കുവാനും നിർദ്ദേശം നൽകി.

**<u>ശ്രീ സന്തോഷ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ സെൻട്രൽ</u>**

- മെയ് മുതൽ ജൂലൈ മാസ കാലയളവ് വരെ സെൻട്രൽ റീജിയണിൽ ആണ് കൂടുതൽ വൈദ്യുത അപകടങ്ങൾ സംഭവിച്ചിട്ടുള്ളത്. ഇതിൽ പൊതുജനങ്ങൾക്കാണ് കൂടുതലായി അപകടങ്ങൾ സംഭവിച്ചത്. പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ്, എൽ എസ് ജി ഡി, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് യോഗങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടും പൊതുജനങ്ങൾക്കു സംഭവിക്കുന്ന അപകടങ്ങളിൽ കുറവ് ഉണ്ടാകുന്നില്ല.
- മൂലമറ്റം, കൂത്താട്ടുകുളം എന്നീ സെക്ഷനുകളിൽ ജീവനക്കാർക്ക് സംഭവിച്ച അപകടങ്ങൾ വിശദീകരിച്ച് ജീവനക്കാരെ ബോധവൽക്കരിക്കുന്നുണ്ട്.
- സൺറൈസ് മീറ്റിങ്ങുകൾ പല സെക്ഷൻ ഓഫീസുകളിലും ചടങ്ങു പോലെയാണ് സംഘടിപ്പിക്കാറുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. സെക്ഷൻ പരിധിയിലെ ഫീഡിങ് അറേഞ്ച്മെന്റിൽ വരുത്തുന്ന മാറ്റങ്ങൾ സൺറൈസ് മീറ്റിങ്ങിൽ അറിയിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വർക്ക് സൈറ്റുകളിൽ ടൂൾ ബോക്സ് ടാക്ക് നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധിച്ചു ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.
- സെക്ഷനുകളിലെ പ്രീ മൺസൂൺ മെയിൻറനൻസ് വർക്കുകൾ നടത്തുന്നുണ്ട്. സെൻട്രൽ റീജിയണിലെ ടച്ചിങ് ക്ലിയറൻസ് വർക്കുകൾ എ എം സി നൽകുന്നതിന്

ചീഫ് എൻജിനീയർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

- സെക്ഷനുകളിലെ സേഫ്റ്റി ഓഡിറ്റ്, പൊതുജന ബോധവൽക്കരണത്തിനായി മൈക്ക് അനൗൺസ്മെൻറ്, ലഘുലേഖ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ തുടർന്ന് കൊണ്ട് പോകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് .

**അധ്യക്ഷൻ**

- ജീവനക്കാർ വർക്ക് സൈറ്റുകളിൽ സുരക്ഷാ പോളിസിയും സുരക്ഷാപ്രസീജിയറും കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ജീവനക്കാരിൽ സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിന് നിരന്തരമായ സുരക്ഷാ പരിശീലനം നൽകുവാനും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഉൾപ്പെടുന്ന സുരക്ഷാ ഓഫീസർമാർ പരിശ്രമിക്കേണ്ടതാണ്.
- ജീവനക്കാരിൽ ശരിയായ സുരക്ഷാ സംസ്കാരം വളർത്തിയെടുക്കത്തക്ക രീതിയിൽ സേഫ്റ്റി ട്രെയിനിങ്ങുകൾ സംഘടിപ്പിക്കേണ്ടതാണ്.

**ശ്രീമതി സന്ധ്യ ദിവാകർ ,ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ**

- 1-8-2022 ന പറളി സെക്ഷന് കീഴിൽ കരാർ ജീവനക്കാരന് സംഭവിച്ച അപകടമരണം വിശദീകരിച്ചു. പ്രസ്തുത അപകടമരണം വർക്ക് സൈറ്റിൽ ഇക്യു പൊട്ടൻഷ്യൽ ബോണ്ടിംഗ് ചെയ്തിരുന്നുവെങ്കിൽ ഒഴിവാക്കുവാൻ സാധിക്കുമായിരുന്നു.
- മേഖലയ്ക്ക് കീഴിൽ സേഫ്റ്റി ഓഡിറ്റ്, പ്രി മൺസൂൺ മെയിൻറനൻസ് പ്രവൃത്തികൾ , ഓപ്പറേഷൻ ശുദ്ധി ,സുരക്ഷാ പരിശോധനകൾ, തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.
- പല സബ് ഡിവിഷനുകളിലും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഇല്ലാത്തതു മൂലം ചാർജുള്ള അസിസ്റ്റൻറ് എൻജിനീയർക്ക് സ്മാർട്ട് സോഫ്റ്റ്‌വെയറിൽ റോൾ ലഭ്യമാകുന്നില്ല. ഇതിനാൽ സേഫ്റ്റി ഇൻസ്പെക്ഷനുകൾ എൻറർ ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. പല സർക്കിളിലും പി എം യു എക്സിക്യൂട്ടീവ് എൻജിനീയർ ഇല്ലാത്തതുമൂലം ചാർജ് ഉള്ള അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ഇതേ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട് .
- ഇൻറർ സബ് ഡിവിഷൻ ഇൻസ്പെക്ഷനുകൾ സ്മാർട്ടിൽ അപ് ലോഡ് ചെയ്യുന്നതിന് സാധിക്കുന്നില്ല.
- മേഖലയിലെ കഴിഞ്ഞ സുരക്ഷാ മീറ്റിങ്ങിൽ ചീഫ് സേഫ്റ്റി ഓഫീസർമാരും സേഫ്റ്റി ഓഫീസർമാരും കുറച്ചു നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിരുന്നു.പ്രസ്തുത നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനായി അനുവാദം ചോദിച്ചു.
- വടകര, നിലമ്പൂർ പാലക്കാട് സർക്കിളുകളിൽ പ്രകൃതിക്ഷോഭം മൂലം വൈദ്യുത തടസ്സം ഉണ്ടാകുമ്പോൾ, ഈ സ്ഥലങ്ങളിൽ ബി എസ് എൻ എൽ ടവറുകൾക്ക് ബാറ്ററി ബാക്കപ്പ് ഇല്ലാത്തതുമൂലം പ്രസ്തുത സ്ഥലങ്ങളിലെ CUG ഫോണുകളും FCT ഫോണുകളും

പ്രവർത്തിക്കാത്തത്  ധാരാളം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

- നാച്ചുറൽ കലാമിറ്റിയുടെ സമയത്ത് കമ്പി പൊട്ടൽ പോലുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ഇതുമൂലം യഥാസമയം സെക്ഷൻ ഓഫീസുകളിൽ അറിയിക്കുന്നതിന് സാധിക്കാതെ വരുന്നു. ആയതിനാൽ പ്രസ്തുത വിഷയം ബി എസ് എൻ എൽ അധികൃതരുടെ  ശ്രദ്ധയിൽ കൊണ്ട് വരുന്നതിനു  നടപടി സ്വീകരിക്കേണ്ടതാണ്.

- വടകര, നിലമ്പൂർ സർക്കിളുകളിലെ ചില സബ് ഡിവിഷന് കീഴിൽ ആറു സെക്ഷൻ ഓഫീസുകൾ ഉണ്ട്. ഈ സബ് ഡിവിഷനുകളിലെ സുരക്ഷാ ഓഫീസർമാർക്ക് ഇൻസ്പെക്ഷനുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതിനാൽ ഇത്തരം സബ്ഡിവിഷനുകളുടെ വിഭജനത്തിനായി സേഫ്റ്റി ഓഫീസർമാർ  അഭ്യർത്ഥിച്ചിട്ടുണ്ട്.സേഫ്റ്റി ഓഫീസർമാർക്ക് വാഹനസൗകര്യം ലഭ്യമല്ലാത്തതിനാൽ ഇൻസ്പെക്ഷനുകൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

- കൺസ്യൂമർ പ്രിമിസസിൽ   വൈദ്യുത വേലികൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സുരക്ഷ റെഗുലേഷനുകൾ നിലവിൽ ലഭ്യമാണോ എന്ന് സേഫ്റ്റി ഓഫീസർമാർ അന്വേഷിച്ചിട്ടുണ്ട്. പലപ്പോഴും സോളാർ ജനറേറ്ററുകളിൽ നിന്ന് വൈദ്യുത വേലികളിലേക്ക് വൈദ്യുത സപ്ലൈ കൊടുക്കുന്നതായി കണ്ടുവരുന്നുണ്ട്.വൈദ്യുത വേലികൾ സ്ഥാപിക്കുന്നതിനായുള്ള മാനദണ്ഡങ്ങളെ കുറിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ  നിന്ന് അറിയിച്ചാൽ നന്നായിരുന്നു.

- സ്പേയ്സറുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ വൈദ്യുത തടസ്സങ്ങളും, കമ്പി പൊട്ടൽ തുടങ്ങിയ പ്രശ്നങ്ങൾ  കുറയുന്നതായും  ബോധ്യപ്പെട്ടിട്ടുണ്ട് . എന്നാൽ ലോക്കൽ പർച്ചേസിൽ സ്പേയ്സറുകൾ വാങ്ങുമ്പോൾ ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പലപ്പോഴും സാധിക്കാറില്ല. ചീഫ് എൻജിനീയർ തലത്തിൽ സ്പേയ്സറുകൾ വാങ്ങുന്നതിനായി റേറ്റ് കോൺട്രാക്ട് നടപ്പിലാക്കുകയാണെങ്കിൽ ഈ പ്രശ്നത്തിന്  പരിഹാരം ഉണ്ടാകും എന്ന് ഫീൽഡ് തലത്തിൽ നിന്ന് അഭിപ്രായം അറിയിച്ചിട്ടുണ്ട്.

- ദ്യുതി-II-ൽ ഉൾപ്പെടുത്തിയത് കൂടാതെ ഫെൻസിംഗ്  ഇല്ലാത്ത ട്രാൻസ്ഫോർമർ സ്റ്റേഷനുകൾക്ക് ഫെൻസിംഗ്  സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ആവശ്യമായ  ബഡ്ജറ്റ് സേഫ്റ്റിയ്ക്ക് പ്രത്യേകം  അനുവദിക്കണം എന്ന നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ട്.

- പ്രൈം ടിവി ചാനലുകളിൽ പ്രൈം ടൈമിൽ സുരക്ഷസംബന്ധിച്ച് പരസ്യങ്ങൾ നൽകുന്നത് പൊതുജന ബോധവൽക്കരണത്തിന് കൂടുതൽ ഫലപ്രദമായിരിക്കും.

- പൊന്നാനി ഡിവിഷന് കീഴിൽ മാത്രമേ  അൺ  ഓതറൈസ്ഡ് ജനറേറ്ററുകളുടെ സംയുക്ത പരിശോധന സംഘടിപ്പിച്ചിട്ടുള്ളൂ.

- ചിറ്റൂർ ഡിവിഷന് കീഴിലുള്ള എല്ലാ കരാറുകാർക്കും ഇൻസ്പെക്ടറേറ്റിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ട്. സുരക്ഷയുടെ കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വം ഉണ്ടാകും എന്ന് കരുതി മറ്റ് ഡിവിഷനുകളിലെ കരാറുകാർ  ലൈസൻസ് എടുക്കുന്നതിനും

പുതുക്കുന്നതിനും വിമുഖത കാണിക്കുന്നുണ്ട്.ലൈസൻസ് എടുക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കുറച്ചുകൂടി ലഘൂകരിക്കുകയാണെങ്കിൽ കൂടുതൽ കരാറുകാർ ലൈസൻസ് എടുക്കുന്നതിനായി തയ്യാറാവുന്നതായിരിക്കും എന്ന നിർദ്ദേശം മുന്നോട്ട് വന്നിട്ടുണ്ട്.

- താഴെ നിന്നു കൊണ്ട് ലൈനുകൾ ഷോട്ട് ചെയ്യാൻ പറ്റുന്ന തരത്തിലുള്ള പുതിയതരം എച്ച് ടി എർത്ത് റോഡുകൾ വാങ്ങി നൽകിയാൽ നന്നായിരിക്കും എന്ന് നിർദ്ദേശം മുന്നോട്ടു വന്നിട്ടുണ്ട്.

- അടിയന്തിര ഘട്ടങ്ങളിൽ സിപി ആർ നൽകുന്നതിന് ജീവനക്കാരെ പ്രാപ്തരാക്കുന്നതിന് വേണ്ടി സിപി ആർ പരിശീലിക്കുന്നതിനായുള്ള ഒരു മോഡൽ ഡിവിഷൻ തലത്തിൽ എങ്കിലും ലഭ്യമാക്കിയാൽ നന്നായിരിക്കും എന്ന നിർദ്ദേശം മുന്നോട്ട് വന്നിട്ടുണ്ട്.

- പിഡബ്ല്യൂഡി റോഡ് വീതി കൂട്ടുന്നതിനോടനുബന്ധിച്ച ലൈൻ ഷിഫ്റ്റിംഗ്-മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് പിഡബ്ല്യൂഡി ഉയർന്ന ഉദ്യോഗസ്ഥരെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു മീറ്റിംഗ് സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

- പ്രകൃതിക്ഷോഭത്തോട് അനുബന്ധിച്ചുണ്ടാകുന്ന വൈദ്യുതി പുനസ്ഥാപിക്കൽ പ്രവർത്തനങ്ങൾക്ക് പോസ്റ്റ് തുടങ്ങിയ സാധനസാമഗ്രികളുടെ ലഭ്യതക്കുറവ് മൂലം ലൈൻ നിർമ്മാണത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

- നോർത്ത് മേഖലയിൽ ജീവനക്കാരുടെ എണ്ണ കുറവിനോടൊപ്പം സാധനസാമഗ്രികളുടെ ലഭ്യത കുറവ് കൂടി ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ എസ് ആർ എസിൽ നിന്ന് നേരിട്ട് മെറ്റീരിയലുകൾ എത്തിച്ചാൽ നന്നായിരിക്കും.

- പുതുതായി ലഭിക്കുന്ന 200 kg പോസ്റ്റുകൾ അസിമെട്രിക് ആയതു മൂലം ഇത്തരം പോസ്റ്റുകളിൽ ക്ലാമ്പുകൾ പിടിപ്പിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

**<u>അധ്യക്ഷൻ</u>**

- അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ട്രാൻസ്ഫർ ഓർഡർ ഇറങ്ങിയപ്പോൾ പല സബ് ഡിവിഷനുകളിലും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ ഷോർട്ടേജ് അനുഭവപ്പെടുന്നുണ്ട്. പ്രമോഷൻ ഉത്തരവ് ഇറങ്ങുമ്പോഴേക്കും ഈ ഒഴിവുകൾ നികത്താൻ സാധിക്കുന്നതാണ്.

- സ്മാർട്ട് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഐടി വിഭാഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

- സ്പേയ്സറുകൾ സ്ഥാപിക്കുന്ന പ്രവർത്തി 100 ശതമാനം പൂർത്തിയാക്കുവാൻ അധ്യക്ഷൻ നിർദ്ദേശം നൽകി.

- ദ്യുതി പ്രോജക്ടിൽ ഇല്ലാത്ത ഫെൻസിംഗ് ഇല്ലാത്ത ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ഡയറക്ടറുടെ ഓഫീസിൽ നിന്ന്

ലഭിക്കുന്നതായിരിക്കും.

- സെക്ഷനുകളിലെ കരാറുകാരെ ലൈസൻസ് എടുക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

- പിഡബ്ല്യുഡി റോഡ് വീതി കൂട്ടലുമായി ബന്ധപ്പെട്ട് ലൈൻ ഷിഫ്റ്റിംഗ് നടക്കുമ്പോൾ മതിയായ ലൈൻ ക്ലിയറൻസ്, വർക്ക് സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതാണ്.

- സെക്ഷനുകളിലെ ലൈൻ പെട്രോളിങ് നടത്തി അപകട സാധ്യത മുൻകൂട്ടി കണ്ടു കൊണ്ട് അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും അധ്യക്ഷൻ നിർദ്ദേശം നൽകി .

- സാധനസാമഗ്രികളുടെ ലഭ്യതക്കുറവ്, സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കാറുണ്ട്. പർച്ചേസ് പ്ലാൻ അനുമതി ബോർഡ് തലത്തിൽ ലഭ്യമായതിനുശേഷമാണ്, സാധനങ്ങളുടെ പർച്ചേസ് നടപടിക്രമങ്ങൾ എസ് സി എമ്മിൽ ആരംഭിക്കാറുള്ളത്. ഇതുമൂലം സാധനങ്ങളുടെ ലഭ്യതയ്ക്ക് കുറച്ച് കാലതാമസം ഉണ്ടാകാറുണ്ട്. ഇത് ഒഴിവാക്കുന്നതിനായി അഞ്ചുവർഷത്തെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ സാധനങ്ങളുടെ ആവശ്യകത മുൻകൂട്ടി കണ്ടുകൊണ്ട് പർച്ചേസ് നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായുള്ള അനുമതിക്കായി നോട്ട് തയ്യാറാക്കുന്നുണ്ട്. ഇതിന് അനുമതി ലഭിക്കുകയാണെങ്കിൽ പർച്ചേസ് നടപടികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ വർഷം മുഴുവൻ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നതായിരിക്കും.

- റിവേഴ്സ് ലോജിസ്റ്റിക്കിനെ സംബന്ധിച്ച് ഡയറക്ടറുടെ ഓഫീസിൽ നിന്ന് നിർദ്ദേശം നൽകുന്നതായിരിക്കും.

- 200 kg പോസ്റ്റുകളുടെ സ്ട്രക്ചറിന്റെ പോരായ്മയെ കുറിച്ച് പരിശോധിച്ച ശേഷം മറുപടി പറയുന്നതാണ്.

- പിഡബ്ല്യുഡി റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട ലൈൻ ഷിഫ്റ്റിംഗ് മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ് എൻജിനീയർ തലത്തിൽ യോഗം സംഘടിപ്പിക്കുന്നതിന് അധ്യക്ഷൻ നിർദ്ദേശം നൽകി.

- വൈദ്യുത വേലികൾ സ്ഥാപിക്കുന്നതിനായുള്ള സുരക്ഷാ റെഗുലേഷനുകളെ കുറിച്ച് വിശദീകരിക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പ്രതിനിധിയെ അധ്യക്ഷൻ ക്ഷണിച്ചു.

**ശ്രീമതി ഷീബ അബ്രഹാം , അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

- ഇലക്ട്രിക് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സുരക്ഷാ റെഗുലേഷൻ ഇപ്പോഴത്തെ സിഇഎ റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ഉൾപ്പെടുത്തുന്നതിനായി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്.

**ശ്രീമതി ലത T K, ചീഫ് സേഫ്റ്റി ഓഫീസർ, കണ്ണൂർ ഇൻ ചാർജ് ഓഫ് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ , നോർത്ത് മലബാർ**

- നോർത്ത് മലബാർ മേഖലയിൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഇല്ലാത്തത് മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. പ്രസ്തുത വിഷയം അധ്യക്ഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു.
- മേഖലയ്ക്ക് കീഴിൽ സംഭവിച്ച അപകടങ്ങൾ വിശദീകരിച്ചു .
- മഞ്ചേശ്വരം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ബോർഡ് ജീവനക്കാരന് സംഭവിച്ച മാരകമല്ലാത്ത അപകടത്തിന് ഉത്തരവാദിയായവർക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- കൽപ്പറ്റ സർക്കിളിനു കീഴിൽ കൺസ്യൂമർ പ്രിമിസസിൽ ELCB ഇല്ലാത്തത് മൂലം അപകടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ട്രൈബൽ കോളനികൾ പോലുള്ള സ്ഥലങ്ങളിൽ ഈ സേഫ് പദ്ധതി വഴി ELCB സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചാൽ ഉചിതം ആയിരിക്കും.
- ഓപ്പറേഷൻ ശുദ്ധി, ഓപ്പറേഷൻ മിന്നൽ, ഓപ്പറേഷൻ തുണ, സേഫ്റ്റി ഓഡിറ്റ്, സേഫ്റ്റി മീറ്റിങ്ങുകൾ, സുരക്ഷാ വിജ്ഞാന സദസ്സ് തുടങ്ങിയ പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യുന്നുണ്ട്.
- എല്ലാ സെക്ഷനുകൾക്ക് കീഴിലും മൈക്ക് അനൗൺസ്മെൻറ് പൂർത്തിയാക്കിയിട്ടുണ്ട്.
- കുടുംബശ്രീ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് സുരക്ഷാ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്.
- ലോക്കൽ കേബിൾ ടി വി ചാനലുകളിൽ സുരക്ഷാസന്ദേശങ്ങൾ സ്ക്രോളിംഗ് ആയി നൽകുന്നുണ്ട്. പ്രൈം ടി വി ചാനലുകളിൽ പ്രൈം ടൈമിൽ സുരക്ഷാസന്ദേശങ്ങൾ നൽകുന്നത് കൂടുതൽ ഫലപ്രദമായിരിക്കും.
- മേഖലയ്ക്ക് കീഴിൽ ലോഹ തോട്ടികളുടെ ഉപയോഗം മൂലമുള്ള വൈദ്യുത അപകടങ്ങൾ ഇപ്പോഴും റിപ്പോർട്ട് ചെയ്യുന്നുണ്ട്. ലൈനുകളിൽ സ്പേയ്സറുകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ കമ്പി പൊട്ടൽ മൂലമുള്ള അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്. ഒരു വർഷം കൊണ്ട് ലൈനുകളിൽ സ്പേയ്സറുകൾ സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയാക്കുന്നതിലേക്ക് ആവശ്യമായ സ്പേയ്സറുകൾ നിലവിൽ ലഭ്യമല്ല. സ്പേയ്സറുകളുടെ പർച്ചേസിനായി റേറ്റ് കോൺട്രാക്ട് നടപ്പിലാക്കുകയാണെങ്കിൽ ഇത് ഒഴിവാക്കുവാൻ സാധിക്കും.
- വൈദ്യുത ലൈനുകൾക്ക് സമീപം ജിയോ പോളുകൾ അനധികൃതമായി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇൻസുലേറ്റഡ് പോസ്റ്റുകൾ എന്ന് പറയുന്നുണ്ടെങ്കിലും ജി ഐ പോളുകളുടെ മുകളിൽ ഇൻസുലേറ്റഡ് ക്യാപ്പ് സ്ഥാപിക്കുക മാത്രമാണ് ചെയ്യുന്നത്. ഇത്തരം പോസ്റ്റുകളുടെ ഇൻസുലേഷൻ നിലവാരത്തിൽ സംശയം നിലനിൽക്കുന്നുണ്ട്.

- ലൈസൻസ് എടുക്കുന്നതിനായി കരാറുകാരെ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ സേഫ്റ്റി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>അധ്യക്ഷൻ</u>**

- വൈദ്യുത ലൈനുകൾക്ക് സമീപം, ലോഹ തോട്ടികൾ ഉപയോഗിക്കുന്നതിനെതിരെ ടിവി ചാനലുകൾ, പത്രമാധ്യമങ്ങൾ എന്നിവ വഴി സന്ദേശങ്ങൾ നൽകിയത് പോലെ ഉപഭോക്താക്കൾ ഈ എൽ സി ബി ഉപയോഗിക്കുന്നതിനായി പരസ്യം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു.

- ജിയോ കേബിളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത വിഷയം പരിഗണിക്കുന്നതാണെന്ന് അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്.

**<u>ശ്രീ മനോജ ൻ P P ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ട്രാൻസ്മിഷൻ നോർത്ത്</u>**

- മീറ്റിംഗ് റിവ്യൂ കാലയളവിൽ മേഖലയ്ക്ക് കീഴിൽ രണ്ട് അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- ചാലക്കുടി സബ്സ്റ്റേഷനിലെ കരാർ ജീവനക്കാരൻ ശ്രീ ഷൈൻടി ജോൺ, 66 കെ വി ബസ്സിലെ അറ്റകുറ്റപ്പണിക്കിടെ ഷോക്കേറ്റ് മരണപ്പെട്ടു. പ്രസ്തുത അപകടമരണം വിശദീകരിച്ചു. ഈ അപകടത്തിന് ഉത്തരവാദിയായവർക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ സബ്സ്റ്റേഷൻ ജിസ് സബ്സ്റ്റേഷൻ ആക്കുന്നതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നുണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുകയാണെങ്കിൽ പഴയ 66 കെ വി യാർഡ് പൂർണമായും ഒഴിവാക്കുവാൻ സാധിക്കും.

- ഏതൊരു ജോലിയും തുടങ്ങുന്നതിനു മുമ്പ് പ്രസ്തുത പ്രവർത്തിയുടെ അപകടസാധ്യതകൾ വിശകലനം ചെയ്യുന്നതിനായി എല്ലാ ജീവനക്കാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

- പാലക്കാട് സർക്കിളിന് കീഴിൽ 66 കെ വി ലൈനിന് സമീപം മുളന്തോട്ടി ഉപയോഗിച്ചത് മൂലം പൊതുജനത്തിന് അപകടമരണം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത അപകടം വിശദീകരിച്ചു. 66 കെ വി ലൈനിന് അപകടം സംഭവിച്ച സ്ഥലത്ത് ആവശ്യമായ ലൈൻ ക്ലിയറൻസുകൾ ഉണ്ടായിരുന്നു.

- മേഖലയ്ക്ക് കീഴിൽ സുരക്ഷാ പരിശോധനകൾ നടത്തുന്നുണ്ട്. വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട് കണ്ണൂർ സർക്കിളിലെ ജീവനക്കാർ ഒരു ചാക്യാർകൂത്ത് അവതരിപ്പിച്ചിട്ടുണ്ട്.

- കാഞ്ഞങ്ങാട്, 33 കെ വി സബ്സ്റ്റേഷനിലെ കരാർ ജീവനക്കാരനായ ശ്രീ സനോജിന്റെ അപകടം മരണം സംഭവിച്ചതിന്റെ നഷ്ടപരിഹാരത്തിനായുള്ള രേഖകൾ തയ്യാറാക്കി അയച്ചിട്ടുണ്ട്.

- 220 കെവി സബ്സ്റ്റേഷനിലെ, സ്റ്റേഷൻ എഞ്ചിനീയർമാരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് സ്മാർട്ടിൽ റോൾ ലഭ്യമല്ല. പ്രസ്തുത വിഷയം ഐടി

വിഭാഗത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. പല സബ്സ്റ്റേഷനുകളുടെയും പേര് തെറ്റായാണ് സ്മാർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയങ്ങൾ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ്.

- കഴിഞ്ഞ മിനുട്ട്സിൽ നല്ലളത്ത് സംഭവിച്ച അപകടം ഫാറ്റൽ എന്നാണ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അപകടം നോൺ ഫാറ്റൽ അപകടമാണ് .

- അങ്കമാലി മുതൽ മഞ്ചേശ്വരം വരെ അധികാരപരിധി വരുന്നതാണ് ട്രാൻസ്മിഷൻ നോർത്ത് മേഖല.വാഹന സൗകര്യം ലഭ്യമല്ലാത്തതുമൂലം ഇൻസ്പെഷനുകൾക്കും മറ്റും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ ബുദ്ധിമുട്ട് എല്ലാ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ മാരും അനുഭവിക്കുന്നുണ്ട്. അതിനാൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർക്ക് ഇലക്ട്രിക്കൽ വെഹിക്കിൾ അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് അധ്യക്ഷനോട് അഭ്യർത്ഥിച്ചു.

**അധ്യക്ഷൻ**

- വിതരണ മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ പ്രസരണ മേഖല പൊതുവേ അപകടരഹിതമായിരുന്നു. എന്നാൽ സമീപകാലങ്ങളിൽ പ്രസരണ മേഖലയിൽ കൂടുതലായി അപകടങ്ങൾ സംഭവിക്കുന്നുണ്ട്. പ്രസ്തുത വിഷയം ഗൗരവമായി കാണുവാൻ അധ്യക്ഷൻ നിർദ്ദേശം നൽകി.

**ശ്രീമതി ലീലാമ്മ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ സൗത്ത്**

- പ്രസരണ മേഖലയിൽ സംഭവിക്കുന്ന അപകടങ്ങളുടെ എണ്ണം കുറവായിരുന്നു.ജീവനക്കാരുടെ അമിത ആത്മവിശ്വാസം അപകടത്തിലേക്ക് നയിക്കുന്നുണ്ട്.

- ഓഗസ്റ്റ് മാസം 26- ന, കുണ്ടറ 220 കെവി സബ്സ്റ്റേഷനിൽ ഒരു നോൺ ഫാറ്റൽ അപകടം സംഭവിച്ചിട്ടുണ്ട്. അപകടം വിശദീകരിച്ചു. അന്വേഷണത്തിൽ പ്രസ്തുത അപകടം അശ്രദ്ധ മൂലം ആണ് സംഭവിച്ചത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

- സബ്സ്റ്റേഷനുകളിൽ പുതുതായി നിയമിതരായ ഓപ്പറേറ്റർ, ഷിഫ്റ്റ് അസിസ്റ്റൻറ് ആണ് ഡ്യൂട്ടിയിൽ ഉള്ളതെങ്കിൽ പെർമിറ്റ് വർക്ക് നൽകുമ്പോൾ , മെയിൻറനൻസ് വിഭാഗത്തിന്റെ കൂടി മേൽനോട്ടം ഉണ്ടാകുന്നത് നന്നായിരിക്കും.

- ഭൂരിഭാഗം സബ്സ്റ്റേഷനുകളിലും കരാർ ജീവനക്കാരെയാണ് ഓപ്പറേറ്റർമാരായി നിയമിക്കുന്നത്.

- ചീഫ് സേഫ്റ്റി ഓഫീസർമാരും സേഫ്റ്റി ഓഫീസർമാരും എല്ലാ മാസവും സുരക്ഷാ മീറ്റിങ്ങുകൾ സംഘടിപ്പിക്കാറുണ്ട്.

- സർപ്രൈസ് ഇൻസ്പെക്ഷനുകൾ കാര്യക്ഷമമായി നിർവഹിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

- ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർക്ക് വാഹന സൗകര്യം ലഭ്യമാക്കിയാൽ

നന്നായിരുന്നു.

**അധ്യക്ഷൻ**

- ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർക്ക് വാഹന സൗകര്യം ലഭ്യമല്ലാത്ത വിഷയം ബോർഡ് തലത്തിൽ അവതരിപ്പിക്കുന്നതാണ്.
- കരാർ ജീവനക്കാരെ സബ്സ്റ്റേഷനുകളിൽ ഓപ്പറേറ്റർമാരായി നിയമിക്കുന്നതിന് മുമ്പ് അവർക്ക് ആവശ്യമായ ട്രെയിനിങ്ങുകൾ നൽകി പ്രാപ്തരാക്കേണ്ടതാണ്.

**ശ്രീമതി സൂസമ്മ പുന്നൂസ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ജനറേഷൻ**

- ഉത്പാദന മേഖലയിൽ ഈ വർഷം ഇതുവരെ അപകടങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇൻറർ ജനറേറ്റിങ് സ്റ്റേഷനുകളുടെ ഓഡിറ്റിംഗ് കൃത്യമായി നടത്തുന്നുണ്ട്.
- ഇൻറർ സ്റ്റേഷൻ ഇൻസ്പെക്ഷനുകൾ നാലെണ്ണം പൂർത്തിയാക്കിയിട്ടുണ്ട്.
- സൺറൈസ് മീറ്റിങ്ങുകൾ, സുരക്ഷാ മീറ്റിങ്ങുകൾ എന്നിവ കൃത്യമായി സംഘടിപ്പിക്കുന്നുണ്ട്. സുരക്ഷാ വാരാചരണവുമായി ബന്ധപ്പെട്ട് എല്ലാ സ്റ്റേഷനുകളിലെയും എക്സ്റ്റൻഷൻ വയറുകൾ ജോയിൻറ് ഫ്രീ ആക്കുകയും, ഇ.എൽ.സി.ബി സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.
- കൂടാതെ ഫസ്റ്റ് എയ്ഡ് പരിശീലന ക്ലാസുകൾ, പി പി ഇ ഉപയോഗിക്കുന്നതിനായുള്ള പരിശീലന ക്ലാസുകൾ, Fire Fighting equipment ക്ലാസുകൾ, സുരക്ഷ ക്ലാസുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

**അധ്യക്ഷൻ**

- ജനറേഷൻ വിഭാഗത്തിന്റെ സേഫ്റ്റി പ്രൊസീജിയറുകളുടെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത മാനുവലുകൾ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഒന്നുകൂടി വിശദമായി പരിശോധിക്കുവാൻ നിർദ്ദേശിച്ചു.

**ശ്രീ റാം മഹേഷ്, ചീഫ് പേഴ്സണൽ ഓഫീസർ**

- പല അപകടങ്ങളും സംഭവിച്ചതിനുശേഷം ഉത്തരവാദിയായവർക്കെതിരെ പലപ്പോഴും അച്ചടക്ക നടപടികൾ സ്വീകരിക്കാറില്ല. അപകടങ്ങൾക്ക് ഉത്തരവാദിയായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.
- വൈദ്യുത അപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ലൈസൻസ് ഉള്ള കരാറുകാർക്ക് മാത്രമേ വൈദ്യുത ജോലികൾ ഏൽപ്പിക്കുവാൻ പാടുള്ളൂ .പെറ്റി കരാറുകാരുടെ പല സംഘടനകളും ESI, PF പോലുള്ള ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ആവശ്യമായ രജിസ്ട്രേഷനും ലൈസൻസും ഉള്ള കരാറുകാരെ മാത്രമേ വൈദ്യുത ജോലികൾ ഏൽപ്പിക്കുവാൻ പാടുള്ളൂ.
- 2022 ഫെബ്രുവരി മാസം മുതൽ ജൂലൈ മാസം വരെ വിതരണം ചെയ്ത നഷ്ടപരിഹാര തുകകൾ വിശദീകരിച്ചു.

- കെഎസ് ഇബി എൽ -നെ അപകടകരഹിതമാക്കുന്നതിനുള്ള ശ്രമം എല്ലാവരുടെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

- ജീവനക്കാരിൽ സുരക്ഷാ സംസ്കാരം വളർത്തിയെടുക്കുന്നതിനായി എല്ലാവരും ശ്രമിക്കേണ്ടതാണ്.

**അധ്യക്ഷൻ**

- അപകടത്തിന് ഉത്തരവാദിയായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

- ഒരു അപകടം സംഭവിച്ചാൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ വരെയുള്ള ഓഫീസർമാർ സംഭവസ്ഥലം പരിശോധിച്ച ശേഷം റിപ്പോർട്ട് സമർപ്പിക്കാറുണ്ട്. റിപ്പോർട്ടിന്മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**ശ്രീമതി സജിതകുമാരി, ടി എ ടു ദി ഡയറക്ടർ, ഡിസ്ട്രിബ്യൂഷൻ**

- 2022 ജനുവരി മുതൽ ഓഗസ്റ്റ് വരെ 15 ലക്ഷം പതിനൊന്നായിരം സ്പ്പെയ്സറുകൾ ലൈനുകളിൽ സ്ഥാപിച്ചിട്ടുണ്ട്.സ്പ്പെയ്സറുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ തുടർന്ന് വരികയാണ്. 2025 ഓട് കൂടി രണ്ടു കോടി 43 ലക്ഷം സ്പ്പെയ്സറുകൾ സ്ഥാപിക്കുന്നതിനാണ് കെഎസ് ഇബിഎൽ ലക്ഷ്യമിട്ടിരിക്കുന്നത്.

- ജിയോ പോളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടർ, പോലീസ് എന്നിവരെയും ഈ വിഷയം അറിയിച്ചിട്ടുണ്ട്.കൂടാതെ പൊതുജനങ്ങളെ ഇതിന്റെ അപകട സാധ്യത മനസ്സിലാക്കുന്നതിന്റെ ഭാഗമായി പൊതുജന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

- പുതുതായി വലിക്കുന്ന ലൈനുകൾ റോഡിന്റെ വശങ്ങളിലൂടെ വലിക്കുന്നതിനായി പരമാവധി ശ്രദ്ധിക്കാറുണ്ട്.

- കരാർ വാഹനങ്ങളുടെ ദൂരപരിധി ബന്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലങ്ങളിൽ ദൂരപരിധി വർദ്ധിപ്പിക്കുന്നതിനായി അനുമതി നൽകാറുണ്ട്.

- 200 kg പോസ്റ്റിന്റെ വില പുതുക്കിയ കോസ്റ്റ് ഡേറ്റയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- ഉപയോഗശൂന്യമായ ലൈനുകൾ അഴിച്ചുമാറ്റുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

- ടച്ചിംഗ് ക്ലിയറൻസ് വർക്കുകൾ ഡിവിഷൻ തലത്തിൽ എ എം സി നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

- സർപ്രൈസ് ഇൻസ്പെക്ഷനുകളുടെ എണ്ണം കൂട്ടുന്നത് നന്നായിരിക്കും.

- സ്പ്പെയ്സറുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി റേറ്റ് കോൺടാക്ട് ഏർപ്പെടുത്തിയാൽ നന്നായിരിക്കും.

- വൈദ്യുത ജോലികളിൽ ഏർപ്പെടുമ്പോൾ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

**<u>അധ്യക്ഷൻ</u>**

- 8 മീറ്റർ, 9 മീറ്റർ പോസ്റ്റുകൾ 200 kg യിലേക്ക് മാറുന്നതു മൂലം വില ഈടാക്കുന്നതിൽ നഷ്ടം ഉണ്ടാകും എന്ന് കണക്കുകൂട്ടി പുതിയ കോസ്റ്റ് ഡേറ്റയിൽ പോസ്റ്റ് കളുടെ വില പുതുക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ലഭിച്ചാൽ മാത്രമേ ഇത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനായുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നുണ്ട്.

**<u>ശ്രീ ഷാജു കുമാർ , അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ , ടി എ ടു ദ ഡയറക്ടർ ജനറേഷൻ (ഇലക്ട്രിക്കൽ)</u>**

- ജനറേറ്റിങ് സ്റ്റേഷനുകളുടെ സേഫ്റ്റി മാനുവലിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ഉന്നയിച്ച തിരുത്തലുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മാന്വലുകൾ പ്രിൻറ് ചെയ്യുന്നതിനായി ചീഫ് എൻജിനീയർ (ജനറേഷൻ) ഓഫീസിൽ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതാണ്.

**<u>ശ്രീ സജീവ് കുമാർ, K S E B വർക്കേഴ്സ് അസോസിയേഷൻ പ്രതിനിധി</u>**

- ലൈമാൻമാർക്കുള്ളതുപോലെ ഇലക്ട്രിസിറ്റി വർക്കർമാർക്ക് കൂടി സേഫ്റ്റി കിറ്റ് അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഫീൽഡ് ജീവനക്കാർ വൈദ്യുതി പുനസ്ഥാപിക്കുന്ന വർക്കുകളുടെ ഭാഗമായി കൂടുതൽ മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നുണ്ട്.അതിനാൽ സുരക്ഷാ ട്രെയിനിങ്ങുകൾ, മീറ്റിങ്ങുകൾ എന്നിവയിൽ സ്ട്രെസ്സ് മാനേജ്മെൻറ് കൂടി ഉൾപ്പെടുത്തേണ്ടതാണ്.

- സ്പേയ്സറുകൾ വാങ്ങുന്നതിന് വെണ്ടർ രജിസ്ട്രേഷനു വേണ്ടിയുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതാണ്.

- ബോർഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും ഇടയിൽ സംഭവിക്കുന്ന അപകടങ്ങളുടെ തോത് കുറഞ്ഞിട്ടുണ്ട്. സേഫ്റ്റി പ്രൊസീജിയർ പാലിക്കാത്തതുമൂലവും സുരക്ഷാ ഉപകരണങ്ങൾ കൃത്യമായി ഉപയോഗിക്കാത്തതിനാലും ആണ് ജീവനക്കാർക്ക് പ്രധാനമായും അപകടങ്ങൾ സംഭവിക്കുന്നത്.Surprise Inspection-കൾ കൂട്ടേണ്ടതാണ് .

- പൊതുജനങ്ങൾക്കുള്ള സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ താഴെ തട്ടിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി കുടുംബശ്രീ, പഞ്ചായത്തുകൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ചു കൂടുതൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

- പബ്ലിക് റിലേഷൻ ഓഫീസറെ കൂടി ഈ മീറ്റിങ്ങിൽ ഉൾപ്പെടുത്തേണ്ടതാണ്.

- പ്രൈം ടിവി ചാനലുകളിൽ പ്രൈം ടൈമിൽ വൈദ്യുത സുരക്ഷ സംബന്ധിച്ച്

പരസ്യങ്ങൾ നൽകുന്നതിനായി  നടപടികൾ സ്വീകരിക്കേണ്ടതാണ്.

- അപകടത്തിൽ മരിക്കുന്ന ബോർഡ് ജീവനക്കാരുടെ അനുശോചനയോഗം വൈദ്യുത ഭവനിൽ സംഘടിപ്പിക്കുന്നത് വൈകുന്നേരം 4:50 നാണ്. ഈ സമയമായതുകൊണ്ട് കുറച്ച് ജീവനക്കാർ മാത്രമേ ഇതിൽ  പങ്കെടുക്കാറുള്ളൂ. അനുശോചന യോഗം വൈദ്യുത ഭവനിൽ മാത്രം സംഘടിപ്പിക്കാതെ എല്ലാ ഫീൽഡ് ഓഫീസുകളിലും സംഘടിപ്പിക്കേണ്ടതാണ്.

- ജീവനക്കാർക്ക് സംഭവിക്കുന്ന  വൈദ്യുത അപകടങ്ങളുടെ വിശദാംശം ചീഫ് സേഫ്റ്റി കമ്മീഷണറുടെ കത്തായി എല്ലാ സെക്ഷൻ ഓഫീസുകളിലും അറിയിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

- അപകടത്തിന്റെ വിശദാംശങ്ങൾ  ഫീൽഡ് ഓഫീസുകളിലെ സൺറൈസ് മീറ്റിങ്ങിൽ ചർച്ച ചെയ്യുന്നതിനായി നിർദ്ദേശിക്കാവുന്നതുമാണ്. കൂടാതെ സെക്ഷൻ ഓഫീസുകളിലെ സൺറൈസ് മീറ്റിങ്ങിനോടൊപ്പം  അനുശോചനയോഗവും നടത്തേണ്ടതാണ്.  അനുശോചന സന്ദേശത്തിൽ അപകടത്തിനിരയായ വ്യക്തിയുടെ കുടുംബ പശ്ചാത്തലം കൂടി  വിശദീകരിക്കാവുന്നതുമാണ്.

- ജീവനക്കാർക്ക് സംഭവിക്കുന്ന നോൺ ഫാറ്റൽ അപകടങ്ങളും കൂടി വിശകലനം ചെയ്ത് സെക്ഷൻ ഓഫീസുകളിൽ അറിയിക്കേണ്ടതാണ്.

- സുരക്ഷ ഓഫീസർമാർക്ക് വാഹനസൗകര്യം ലഭ്യമല്ലെങ്കിൽ  വാഹനം വാടകയ്ക്ക് എടുത്താണെങ്കിലും സർപ്രൈസ്  ഇൻസ്പെക്ഷനുകൾ സംഘടിപ്പിക്കേണ്ടതാണ്.

- കരാറുകാരുടെ ലൈസൻസുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി കരാറുകാരുടെ പ്രതിനിധികളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു യോഗം വിളിച്ച് ചേർക്കുന്നത് നന്നായിരിക്കും. പ്രസ്തുത വിഷയത്തിൽ  കരാറുകാരുടെ അഭിപ്രായങ്ങളും അറിയുവാൻ സാധിക്കുന്നതാണ്.

**<u>അധ്യക്ഷൻ</u>**

- സേഫ്റ്റി കിറ്റുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയം ബോർഡ് തലത്തിൽ അറിയിക്കുന്നതാണ്. സ്ട്രെസ്സ് മാനേജ്മെൻറ് സുരക്ഷ ട്രെയിനിങ്ങുകളുടെ ഭാഗമാക്കുന്നതാണ്.

- ബോർഡ് ജീവനക്കാരന് അപകടമരണം സംഭവിക്കുമ്പോൾ അനുശോചനയോഗം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചീഫ് പേഴ്സണൽ ഓഫീസറുമായി ചർച്ച ചെയ്തിട്ടുണ്ട്.

- ജീവനക്കാർക്ക് സംഭവിക്കുന്ന അപകടങ്ങൾ വിശകലനം ചെയ്ത് അടുത്ത ദിവസങ്ങളിൽ തന്നെ എല്ലാ ഫീൽഡ് ഓഫീസുകളിലേക്കും CSC  ഡെസ്ക് മെസ്സേജ് ആയി ഈ ഓഫീസിൽ നിന്നും നൽകാറുള്ളതാണ്.

**<u>ചീഫ് പേഴ്സണൽ  ഓഫീസർ</u>**

- ബോർഡ് ജീവനക്കാരന് അപകടമരണം സംഭവിക്കുമ്പോൾ അനുശോചനയോഗം

സംഘടിപ്പിക്കുന്നതിനായുള്ള ഉത്തരവിൽ എല്ലാ ഓഫീസുകളിലും സംഘടിപ്പിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളതാണ്. വൈദ്യുത ഭവനിൽ മാത്രമാണ് അനുശോചനയോഗം നടത്തുന്നതിനായി വൈകുന്നേരം 4 55 എന്ന സമയം തിരഞ്ഞെടുത്തത്.

- ഓഫീസ് പ്രവർത്തനസമയത്തെ ബാധിക്കാത്ത രീതിയിൽ ആണ് ഈ സമയം തിരഞ്ഞെടുത്തിട്ടുള്ളത്. വൈകുന്നേരം എല്ലാവരും പോകുന്ന സമയം വൈദ്യുത ഭവന്റെ മുൻവശത്ത് ഒത്തുകൂടും എന്ന് കരുതിയാണ് ഈ സമയം തിരഞ്ഞെടുത്തിട്ടുള്ളത്. രാവിലെ ഏതെങ്കിലും ഓഫീസ് പ്രവർത്തന സമയം തിരഞ്ഞെടുക്കുകയാണെങ്കിൽ ജീവനക്കാരുടെ കൂടുതൽ പ്രവർത്തനസമയം നഷ്ടപ്പെടും എന്ന് കരുതിയാണ് ഈ സമയം വൈദ്യുത ഭവനിൽ തിരഞ്ഞെടുത്തത്.
- എന്നാൽ ഫീൽഡ് ഓഫീസുകളിൽ സൺറൈസ് മീറ്റിങ്ങിനോടൊപ്പം അനുശോചനയോഗം സംഘടിപ്പിക്കുവാനാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.
- എല്ലാവരും ആയി കൂടിയാലോചിച്ച ശേഷം വൈദ്യുത ഭവനിലെ അനുശോചനയോഗം സംഘടിപ്പിക്കുന്ന സമയം മാറ്റുന്നതിനായി തീരുമാനിക്കാവുന്നതാണ്.

**<u>അധ്യക്ഷൻ</u>**

- നിലവിലുള്ള ഉത്തരവിനെ അടിസ്ഥാനമാക്കി ഫീൽഡ് ഓഫീസുകളിൽ അനുശോചനയോഗം എങ്ങനെ നടത്തണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

**<u>ശ്രീ അശോക് ഷെർലെക്കർ , പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ പ്രതിനിധി</u>**

- സെക്ഷൻ ഓഫീസുകളിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ് സാധനങ്ങളുടെ ലഭ്യത കുറവും വർക്കർമാരുടെ എണ്ണത്തിലുള്ള കുറവും.
- പോസ്റ്റുകളുടെ ലഭ്യത കുറവു മൂലം സെക്ഷൻ ഓഫീസുകളിൽ പുതുതായി ലഭിക്കുന്ന പോസ്റ്റുകൾ സർവീസ് കണക്ഷൻ നൽകുന്നതിനായാണ് പ്രധാനമായും ഉപയോഗിക്കുന്നത്.
- പുതുതായി ലഭിക്കുന്ന പോസ്റ്റുകൾ, സെക്ഷൻ പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന കേടായ പോസ്റ്റുകൾ മാറ്റുന്നതിനായും ഉപയോഗിക്കേണ്ടതാണ്. സെക്ഷൻ ഓഫീസുകളിൽ വെതർ പ്രൂഫ് വയറിന്റെ ലഭ്യത കുറവ് പരിഹരിക്കേണ്ടതാണ്.
- സെക്ഷൻ ഓഫീസുകളിലെ വർക്കർമാരുടെ കുറവും അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. ഇന്റർ ലിങ്കിംഗ് പോസ്റ്റുകളുടെ ഐഡന്റിഫിക്കേഷൻ, ഡെഡ് സ്പാൻ നിർമിക്കൽ, ന്യൂട്രൽ ഐസലേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്.
- വൈദ്യുത ലൈനുകൾക്ക് സമീപം അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന കമ്മ്യൂണിക്കേഷൻ പോളുകൾ അഴിച്ച് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കോർപ്പറേഷന്റെ അനുമതിയോടെയാണ് പലപ്പോഴും കമ്മ്യൂണിക്കേഷൻ പോളുകൾ സ്ഥാപിക്കാറുള്ളത്.

- ഉപയോഗശൂന്യമായ ലൈനുകൾ അഴിച്ചുമാറ്റുന്നത് കൂടാതെ, പഴയ ലൈനുകൾക്ക് പകരം എ ബി സി പോലുള്ള ലൈനുകൾ സ്ഥാപിക്കുമ്പോൾ പഴയവ അഴിച്ചു മാറ്റുന്നതിനായും നടപടികൾ സ്വീകരിക്കേണ്ടതാണ്.

- സ്പ്രേയ്സറുകൾ സ്ഥാപിക്കുവാൻ ആയി ഏരിയൽ ലിഫ്റ്റ് പർച്ചേസ് ചെയ്യുന്നതിനായുള്ള നടപടിയെ സ്വാഗതം ചെയ്തു.

**<u>ശ്രീ ശ്യാം കുമാർ, കെ എസ് ഇ ബി ഓഫീസേഴ്സ് അസോസിയേഷൻ പ്രതിനിധി</u>**

- യൂണിയൻ പ്രതിനിധികൾ ഉന്നയിച്ച എല്ലാ നിർദ്ദേശങ്ങളെയും പിന്തുണച്ചു.

- ലൈസൻസ് ഇല്ലാത്ത കരാറുകാർക്ക് വൈദ്യുത ജോലികൾ ഏൽപ്പിക്കുകയാണെങ്കിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് വർക്ക് ഓർഡർ നൽകുന്ന അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അല്ലെങ്കിൽ അസിസ്റ്റൻറ് എൻജിനീയർ ഉത്തരവാദിയായിരിക്കും എന്ന നിലയിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കത്ത് ലഭിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്.

- കമ്മ്യൂണിക്കേഷൻ പോളുകൾ വൈദ്യുത ലൈനുകളുടെ റൈറ്റ് ഓഫ് വെയിൽ സ്ഥാപിക്കുവാൻ ഒരു കാരണവശാലും അനുവദിക്കരുത്. ഇതിന് ആവശ്യമായ നടപടികൾ ബോർഡ് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

- ഒരു പോസ്റ്റിൽ കൂടി വലിക്കുവാൻ സാധിക്കുന്ന കേബിളുകളുടെ പരമാവധി എണ്ണം നിജപ്പെടുത്തേണ്ടതാണ്.പോസ്റ്റുകളിൽ കൂടുതൽ കേബിളുകൾ വലിക്കുന്നത് മൂലം ജീവനക്കാർക്ക് കയറുന്നതിനും മറ്റും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

- സേഫ്റ്റി ഓഡിറ്റിന്റെ ഭാഗമായി സെക്ഷൻ ഓഫീസുകൾ സന്ദർശിച്ചപ്പോൾ പല ഓഫീസുകളിലും സൺറൈസ് മീറ്റിംഗ് അതിന്റെ ഉദ്ദേശലക്ഷ്യം ഉൾക്കൊണ്ടു കൊണ്ടല്ല സംഘടിപ്പിക്കുന്നത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

- സൺറൈസ് മീറ്റിങ്ങിൽ ചർച്ച ചെയ്യുന്ന കാര്യങ്ങൾ, പങ്കെടുത്തവരുടെ വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്തുകയും വേണം. നിലവിലെ സൺറൈസ് മീറ്റിംഗ് രജിസ്റ്ററിന്റെ ഘടന ഇതിനനുസരിച്ച് മാറ്റുന്നതിനായും നടപടികൾ സ്വീകരിക്കേണ്ടതാണ്.അന്ന് ചെയ്യാൻ പോകുന്ന ഷെഡ്യൂൾ ഓഫ് വർക്കിനെ കുറിച്ച് വർക്ക് സൂപ്പർവൈസർമാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ സൺറൈസ് മീറ്റിങ്ങിൽ നൽകേണ്ടതാണ്.

- ചീഫ് സേഫ്റ്റി ഓഫീസർമാർ സൺറൈസ് മീറ്റിങ്ങിൽ പങ്കെടുത്ത് ജീവനക്കാരുടെ പ്രശ്നങ്ങൾ കൂടി കേൾക്കേണ്ടതാണ്.സുരക്ഷാപാലനവുമായി ബന്ധപ്പെട്ട് ഫീൽഡ് തലത്തിൽ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനായി ഇതുമൂലം സാധിക്കുന്നതാണ്.

- സേഫ്റ്റി പ്രൊസീജിയറിലെ ചില നിർദ്ദേശങ്ങൾ ഫീൽഡിൽ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. സേഫ്റ്റി പ്രൊസീജിയറിൽ എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റി

രൂപീകരിക്കേണ്ടതാണ്. ചില സബ് ഡിവിഷനുകൾക്ക് അഞ്ചും ആറും സെക്ഷൻ ഓഫീസുകൾ ഉണ്ട് ഈ സബ് ഡിവിഷനുകളിലെ സേഫ്റ്റി ഓഫീസർമാർക്ക് സേഫ്റ്റി ഓഡിറ്റുകളും ഇൻസ്പെക്ഷനുകളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

- കൂടുതൽ സെക്ഷൻ ഓഫീസുകൾ നിലവിലുള്ള സബ് ഡിവിഷനുകൾ വിഭജിക്കുന്നതിനോ പകരം മറ്റേതെങ്കിലും സംവിധാനം നടപ്പിലാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ശരിയായ രീതിയിൽ വർക്ക് സൂപ്പർവൈസ് ചെയ്യുന്നതിനും ജീവനക്കാരുടെ മനോവീര്യം വളർത്തുന്നതിനും അസിസ്റ്റൻറ് എൻജിനീയർ, സബ് എൻജിനീയർ, ഓവർസിയർ എന്നിവർക്ക് ട്രെയിനിങ്ങുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇത്തരം ട്രെയിനിങ്ങുകൾക്ക് ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കേണ്ടതും എല്ലാവരും ശ്രദ്ധിക്കത്തക്ക രീതിയിൽ ഒരു പേരും നൽകേണ്ടതാണ്.

- പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി ഈ സേഫ് പോലുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സാധിക്കുന്നതാണ്.

- വിതരണ മേഖലയിൽ ഹോട്ട് ലൈൻ മെയിൻറനൻസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ വൈദ്യുത തടസ്സം മൂലം ജീവനക്കാർക്കു പൊതുജനങ്ങൾക്കിടയിൽ നിന്ന് സംഭവിക്കുന്ന ബുദ്ധിമുട്ടുകൾ കുറയുന്നതായിരിക്കും. ഹോട്ട് ലൈൻ മെയിൻറനൻസിൽ ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിങ്ങുകളും നൽകേണ്ടതാണ്.

**<u>ശ്രീ രാകേഷ് പ്രസന്നൻ ,കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷൻ പ്രതിനിധി</u>**

- അപകടങ്ങൾ സംഭവിക്കുന്നതിനുള്ള പ്രധാന കാരണം കമ്പി പൊട്ടൽ തുടങ്ങിയ കാര്യങ്ങളാണ്. സെക്ഷൻ ഓഫീസുകളിലെ ലൈൻ പെട്രോളിങ്ങിനിടയിൽ കണ്ടെത്തുന്ന അപാകതകൾ കൃത്യമായി രേഖപ്പെടുത്തുകയും കണ്ടെത്തിയ അപാകതകൾ കൃത്യമായി പരിഹരിക്കേണ്ടതും ആണ്. ഇത്തരം കാര്യങ്ങൾ സെക്ഷൻ ഓഫീസുകളിൽ കൃത്യമായി രേഖപ്പെടുത്തുകയും വേണം. സെക്ഷൻ ഓഫീസുകളിലെ മെയിൻറനൻസ് പ്രവർത്തികൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് ഒരു ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നത് നന്നായിരിക്കും.

- സുരക്ഷാ പരിശോധനകൾ ഫലപ്രദമായി സംഘടിപ്പിക്കേണ്ടതാണ്.

- ഉൾപ്രദേശങ്ങളിൽ സ്പേയ്സറുകൾ സ്ഥാപിക്കുന്ന പ്രവർത്തിയോടൊപ്പം റീ കണ്ടക്ടറിംഗ് ,റീ ഷാക്ക്ളിംഗ് തുടങ്ങിയ പ്രവർത്തികളും ചെയ്യേണ്ടതാണ്.

**<u>ശ്രീ ഷൈൻ സെബാസ്റ്റ്യൻ , കെ എസ് ഇ ബി എൻജിനീയേഴ്സ് അസോസിയേഷൻ പ്രതിനിധി</u>**

- മെയ്- ജൂലൈ മാസകാലയളവുകളിൽ അപകടരഹിതമായി പ്രവർത്തിച്ച നിലമ്പൂർ സർക്കിളിന് എല്ലാവിധ ആശംസകളും അറിയിച്ചു.

- എല്ലാ ട്രെയിനിംഗുകളും E- ലേണിംഗ് രീതിയിലേക്ക് മാറേണ്ടതാണ്.

- പൊതുജന ബോധവൽക്കരണത്തിനായി വൈദ്യുത സുരക്ഷ സംബന്ധിച്ച പരസ്യങ്ങൾ, സിനിമ ഹാളുകളിൽ സിനിമ പ്രദർശനത്തിനു മുമ്പ് കാണിക്കുന്നത് നന്നായിരിക്കും .

- ശരിയായ രീതിയിലുള്ള D O ഫ്യൂസ് സെറ്റുകളും, D O ഫ്യൂസ് കെട്ടുന്നതിനായി ഹോട്ട് സ്റ്റിക്കുകളും ഉപയോഗിക്കുകയാണെങ്കിൽ D O ഫ്യൂസ് കെട്ടുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

- അപകടത്തിന് ഉത്തരവാദിയായവരെ ശിക്ഷിക്കുമ്പോൾ ശരിയായ കാരണക്കാരെയാണ് ശിക്ഷിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. കോഴിക്കോട് ബേപ്പൂർ സെക്ഷനിൽ പൊതുജനത്തിന് സംഭവിച്ച അപകടത്തിൽ ശിക്ഷിച്ചത് കുർക്കഞ്ചേരി സെക്ഷനിൽ ജോലി ചെയ്യുന്ന അസിസ്റ്റൻറ് എൻജിനീയറെയാണ്.

- ബോർഡിന് പ്രത്യേക സുരക്ഷാ വിഭാഗം വേണമെന്ന ആവശ്യം സംഘടന ഉന്നയിച്ചിട്ടുള്ളതാണ്.

- നിയോൺ വോൾട്ടേജ് ടെസ്റ്ററുകൾക്ക് പകരം നോൺ കോൺടാക്ട് വോൾട്ടേജ് ടെസ്റ്ററുകൾ അല്ലെങ്കിൽ ഹെൽമറ്റ് മൗണ്ട് വോൾട്ടേജ് ഇൻഡിക്കേറ്റർ തുടങ്ങിയവ ഫീൽഡ് സ്റ്റാഫിന് വാങ്ങി നൽകേണ്ടതാണ്.

- മെറ്റീരിയലുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഉപഭോക്താവിന്റെ പ്രിമിസസിലേക്ക് WP വയറുകൾ വലിക്കുമ്പോൾ G I ഗൈ വയറുകൾക്ക് പകരം നൈലോൺ ഗൈ വയറുകൾ ഉപയോഗിക്കുന്നതിനായുള്ള അനുമതി നൽകേണ്ടതാണ് .G I ഗൈ വയറുകൾ ഇത്തരത്തിൽ ഉപയോഗിക്കുന്നതുമൂലം അപകടം സംഭവിക്കുവാൻ സാധ്യതയുണ്ട്.

- ലൈസൻസ് ഉള്ള കരാറുകാർക്ക് മാത്രമേ ഉത്പാദന, പ്രസരണ, വിതരണ മേഖലകളിലെ വൈദ്യുത ജോലികൾ ഏൽപ്പിക്കുവാൻ പാടുള്ളൂ. എല്ലാ കരാറുകാരും ലൈസൻസ് എടുക്കുന്നതിനായി, ലൈസൻസ് എടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കേണ്ടതാണ്.

- ലൈൻ പട്രോളിങ് രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യണമെന്നുള്ള നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. ലൈൻ ഏബികളുടെ സ്റ്റാറ്റസും ഡിജിറ്റൈസ് ചെയ്യേണ്ടതാണ്. എല്ലാ ഷെഡ്യൂൾഡ് വർക്കുകളുടെയും പെർമിറ്റ് വർക്കുകൾ ഡിജിറ്റൈസ് ചെയ്യേണ്ടതാണ്.

- ഫീൽഡ് സ്റ്റാഫിന്റെ പേഴ്സണൽ പ്രൊട്ടക്റ്റീവ് ഉപകരണങ്ങളുടെ ഗുണനിലവാരം നിശ്ചിതകാലയളവിൽ പരിശോധിക്കേണ്ടതാണ്.

- 10 കിലോ വാട്ടിന് മുകളിൽ കണക്റ്റിംഗ് ലോഡുള്ള ഉപഭോക്താക്കൾക്ക് സർവീസ് കണക്ഷൻ നൽകുന്നതിനായി 6 sq mm WP വയറുകൾ സെക്ഷൻ ഓഫീസുകളിൽ ലഭ്യമല്ല. പ്രസ്തുത WP വയറുകൾ ലഭ്യമാക്കേണ്ടതാണ്.

**ശ്രീ ആനന്ദ് ,പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ പ്രതിനിധി**

- നോർത്ത് മലബാർ മേഖലയിൽ സുരക്ഷാ ഉപകരണങ്ങൾ, ഏണികൾ എന്നിവ ജീപ്പുകളിലും വണ്ടികളിലും കൊണ്ടുപോകുമ്പോൾ ആർ ടി ഒ, പോലീസ് ഡിപ്പാർട്ട്മെൻറ് തുടങ്ങിയവർ ഡ്രൈവർമാരിൽ നിന്നും ഭീമമായ തുക ഫൈനായി ഈടാക്കുന്നുണ്ട്.ഇതിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നാഷണൽ ഹൈവേ അതോറിറ്റിയുടെ റോഡ് വീതി കൂട്ടലിന്റെ ഭാഗമായുള്ള ലൈൻ ഷിഫ്റ്റിംഗ് പ്രവർത്തികൾക്ക് വർക്ക്കോൺട്രാക്ട് നൽകുന്നത് മെറ്റീരിയൽ ഉൾപ്പെടെയാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന മെറ്റീരിയലുകളുടെ ഗുണനിലവാരം വളരെ കുറവാണ്. ഇതിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മുമ്പായി ആൻറി ഐലൻഡിങ് തുടങ്ങിയ ടെസ്റ്റുകൾ നിർബന്ധമായും ചെയ്യേണ്ടതാണ്.
- ലൈൻ മെയിൻറനൻസ് സബ് ഡിവിഷനുകളിൽ അസിസ്റ്റൻറ് എൻജിനീയർ കൂടാതെ വർക്ക് സൂപ്പർവൈസ് ചെയ്യുന്നതിനായി പെർമനന്റ് സബ് എൻജിനീയറയോ ഓവർസിയറയോ നിയമിക്കേണ്ടതാണ്.
- ലൈൻ പെട്രോളിങ്ങിനു വേണ്ടി ഒരു ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കണം എന്ന ആവശ്യത്തെ പിന്താങ്ങുന്നു.

അധ്യക്ഷൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു.

യോഗ നടപടികൾ പകൽ 1.30 ന് അവസാനിച്ചു.

Sd/-

**ചീഫ് എഞ്ചിനീയർ എസ് സി എം &**

**ചീഫ് സേഫ്റ്റി കമ്മീഷണർ**

പകർപ്പ് സമർപ്പണം

ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ ,പ്ലാനിംഗ് & സേഫ്റ്റി)

പകർപ്പ്

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും

TA TO D(D&SCM) / D(G &E) / D(G &C) / D(T, S O, P&S) /D(REES,SOURA,S&W)